**സി.എൽ.റ്റി(3) 54365/11** **സഹകരണ സംഘം രജിസ്ട്രാർ ആഫീസ്**
**തിരുവനന്തപുരം, തീയതി : 29/4/2013**

**Email : keralarcs.coop@kerala.gov.in**
**Website : www.cooperation. kerala.gov.in**
**Tel : No. 0471 2330726**

## സർക്കുലർ നം. 34/2013

**വിഷയം–** സഹകരണ വകുപ്പ് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ ലീഗൽ ഫീസ് വർദ്ധിപ്പിക്കുന്നത്– സംബന്ധിച്ച്.

സൂചന– 1) സർക്കാരിന്റെ 26.11.11 ലെ 14863/B1/2011/Co-op നമ്പർ കത്ത്.
2) സഹകരണ സംഘം രജിസ്ട്രാറുടെ 28/94–ാം നമ്പർ സർക്കുലർ.
3) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ 30.12.2011 ലെ G1/Act/7746/2008 നമ്പർ കത്ത്

**********

പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് വായ്പാപേക്ഷകരിൽ നിന്നും വാങ്ങുന്ന ലീഗൽ ഫീസ് ഒരു അപേക്ഷയ്ക്ക് 1000 രൂപയ്ക്ക് 5 രൂപാ നിരക്കിൽ മിനിമം 25 രൂപയും, പരമാവധി 100 രൂപയുമായി സൂചന (2) പ്രകാരം നിജപ്പെടുത്തിയിരുന്നു. എന്നാൽ നിലവിലുള്ള ലീഗൽ ഫീസ് അപര്യാപ്തമാണെന്നും, വർഷങ്ങളായി നിലനിൽക്കുന്നതാണെന്നും, ആയത് വർദ്ധിപ്പിച്ചു നൽകണമെന്നും അപേക്ഷകൾ ലഭിച്ചതിന്റെയും, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ അപേക്ഷയുടെയും അടിസ്ഥാനത്തിൽ നിലവിലുള്ള സർക്കുലറിൽ ഭേദഗതി വരുത്തി ചുവടെ പരാമർശിക്കും പ്രകാരം ലീഗൽ ഫീസ് വർദ്ധിപ്പിച്ചിരിക്കുന്നു.

**എ)** വായ്പാപേക്ഷയിന്മേൽ, 1 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് 1000 രൂപയ്ക്ക് 10 രൂപാ നിരക്കിൽ മിനിമം 75 രൂപയും പരമാവധി 300 രൂപയും ലീഗൽ ഫീസായി വാങ്ങാവുന്നതാണ്.

**ബി)** 1 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് പരമാവധി 500 രൂപ ലീഗൽ ഫീസ് ആയി വാങ്ങാവുന്നതാണ്.

ഈ സർക്കുലർ തീയതി മുതൽ പുതുക്കിയ നിരക്ക് പ്രാബല്യത്തിൽ വരുന്നതാണ്.

ഒപ്പ്,
സഹകരണ സംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)